# ജാലകം



എഎം എം എച്ച് എസ്

ഓതറ

2018 - 2019







ലിറ്റിൽ കൈറ്റ്സ് ക്ലബിന്റെ ആഭിമുഖ്യത്തിൽ തയ്യാറാക്കിയ "**ജാലകം**" എന്ന ഡിജിറ്റൽ മാസിക എല്ലാ കൂട്ടുകാർക്കും വേണ്ടി സമർപ്പിക്കുന്നു ........

# സന്ദേശം



പൊതുവിദ്യാഭ്യാസമേഖല സമൂലമായ ഒരു പരിവർത്തനത്തിലൂടെ കടന്നു പോവുകയാണ്.പരമ്പരാഗതമായി ശീലിച്ചുവന്ന പഠനബോധന തന്ത്രങ്ങൾക്കു പകരം വിവരസാങ്കേതികവിദ്യയുടെ പുത്തൻ സാധ്യതകളെ പ്രയോജനപ്പെടുത്തുവാൻ സാധിക്കുന്നു. വിദ്യാലയങ്ങളുടെ ആന്തരിക ഘടനതന്നെ മാറിയിരിക്കുന്നു.ആധുനിക സജ്ജീകരണങ്ങളോടുകൂടിയ സ്മാർട്ട് റൂമുകളിൽ വിദ്യാർത്ഥികൾ ഉല്ലാസഭരിതരായി പഠനം നടത്തുന്നു.

കുട്ടികളുടെ കമ്പ്യൂട്ടർ പരിജ്ഞാനം വർദ്ധിപ്പിക്കുവാനും മറ്റുകുട്ടികളെ പരിശീലിപ്പിക്കുവാനുംLITTLE KITES നടത്തുന്ന ഉദ്യമങ്ങൾ ശ്ലാഘനീയമാണ്.നമ്മുടെ സ്കൂളിലെ LITTLE KITES ഒരു ഡിജിറ്റൽ മാസിക രൂപികരിക്കുന്നു എന്നറിഞ്ഞതിൽ സന്തോഷിക്കുന്നു.ഇതിന്റെ പിന്നിൽ പ്രവർത്തിക്കുന്ന അദ്ധ്യാപകരെയും വിദ്യാർത്ഥികളെയും അഭിനന്ദിക്കുന്നു.

റ്റി ജെ പീറ്റർ,
ഹെഡ്മാസ്റ്റർ

# എഡിറ്റോറിയൽ.......

പൊതുവിദ്യാഭ്യാസരംഗം പാടേ മാറിക്കഴിഞ്ഞു..വിവരസാങ്കേതികവിദ്യയ്ക്ക് പ്രാധാന്യം കൊടുത്തുകൊണ്ടുള്ള പഠനരീതികൾ...ഹൈടെക്ക് ക്ലാസ്സ്മുറികൾ.......ഇവിടെ നമുക്ക് കമ്പ്യൂട്ടർ സാക്ഷരതയിൽ നിന്നകന്നുമാറുക സാധ്യമല്ല.

നമ്മുടെ കമ്പ്യൂട്ടർ അഭിരുചി പരിപോഷിപ്പിക്കാനും,വളർത്താനും സഹായകമായ 'ലിറ്റിൽകൈറ്റ്സ്' ക്ലബ്ബിന്റെ നേതൃത്വത്തിൽ തയ്യാറാക്കുന്ന 'ജാലകം' എന്ന ഈ ഡിജിറ്റൽ മാസികനമ്മുടെ ആദ്യ സംരഭമാണ് . ഇതിലെ സൃഷ്ടികൾ ഓരോന്നും നിങ്ങൾ അവകാശപ്പെട്ടതാണ് .

നല്ല നാളേക്ക് വേണ്ടി കാത്തിരിക്കുന്ന നമ്മുക്ക് , ചുറ്റുമുള്ള കാഴ്ച്ചകളെ നോക്കി കാണുവാൻ..... മനസ്സിലാക്കുവാൻ ......... മാനുഷിക മൂല്യങ്ങൾ ഉൾക്കൊള്ളുവാൻ കഴിയട്ടെ എന്ന് ആശംസിക്കുന്നു .

അതിന് നമ്മളൊരുക്കുന്ന '**ജാലകം** ' സഹായിക്കുമെന്ന് പ്രത്യാശിക്കുന്നു .......

എഡിറ്റർ

ബെൻ . സി . ബെന്നി

# എഡിറ്റോറിയൽ ബോർഡ്



# ലിറ്റിൽകൈറ്റസ് മെമ്പേഴ്സ് & കൈറ്റ്മാസ്റ്റേഴ്സ്



# ജാലകം തുറക്കുമ്പോൾ.........


സന്ദേശം 3

എഡിറ്റോറിയൽ 4

ലഘുചരിത്രം 8

യാത്രാവിവരണം 24

**ലേഖനം**

ഇതുമൊരു പമ്പ 29

ശാസ്ത്രം@2018 35

**കഥ**

ഭ്രുചലനം 12

വിശ്വസ്തത 21

കലാലയജീവിതം 33

യഥാർത്ഥതിളക്കം 41

**കവിത**

**സ്വതന്ത്രഭാരതത്തിന്റെ ആത്മരോദനം 16**

**സായന്തനചിന്തുകൾ 43**

**A Dream Come True 44**

**കാർട്ടൂൺ 19**

**" 34**

**ചിത്രരചന**

**ക്യാമറക്കണ്ണിലൂടെ.... ചില നിമിഷങ്ങൾ**




# ഓതറ എ. എം. എം. ഹൈസ്കൂൾ

## ലഘു ചരിത്രം

ഓതറ ഗ്രാമത്തിന്റെ സാമൂഹിയ-സാംസ്കാരിക പുരോഗതിയിൽ നിർണായക പങ്ക് വഹിച്ചുകൊണ്ടിരിക്കുന്ന എ. എം. എം. ഹൈസ്കൂൾ 1964 ജൂൺ1-ന് സ്ഥാപിതമായി. മൂന്നു ഡിവിഷനുകളിലായി 142 കുട്ടികളുമായിട്ടാണ് സ്കൂൾ പ്രവർത്തനം

ആരംഭിച്ചത്.

1967 മാർച്ചിൽ ആദ്യ എസ്. എസ്. എൽ. സി വിദ്യാർത്ഥികൾ പരീക്ഷ എഴുതി.1974-75 ൽ സ്കൂളിന് സ്ഥിരാംഗീകാരം ലഭിച്ചു .1988-89 രജതജൂബിലി വർഷമായി കൊണ്ടാടി. ജൂബിലി സ്മാരക ഹാൾ, ശുദ്ധജല വിതരണ പദ്ധതി എന്നിവ പൂർത്തീകരിച്ചു. 1996-ൽ സ്റ്റേഡിയം കോംപ്ലക്സിന്റെ പണി

പൂർത്തിയായി. 1998-ൽ സ്കൂളിന് മനോഹരമായ ഗേറ്റ് നിർമ്മിച്ചു. 1995-96 ൽ ഇംഗ്ലീഷ് മീഡിയം ക്ലാസ്സുകൾ ആരംഭിച്ചു. 1998-ലെ ആദ്യ എസ്.എസ്.എൽ. സി ഇംഗ്ലീഷ് മീഡിയം ബാച്ച് 100% വിജയം നേടി. ഇപ്പോൾ 8,9,10 ക്ലാസ്സുകളിൽ ഇംഗ്ലീഷ് മീഡിയം ഉണ്ട്.

1987 മുതൽ പാഠ്യപാഠ്യേതര രംഗത്തെ സുവർണകാലമാണ് സ്കൂളിനുള്ളത്. ഉപജില്ല-ജില്ലതല യുവജനോത്സവം,പ്രവൃത്തിപരിചയമേള, ശാസ്ത്രമേളകൾ സാഹിത്യോത്സവം എന്നി മത്സരങ്ങളിൽ സ്കൂളിന് അഭിമാനാർഹായ സ്ഥനം ലഭിച്ചുവരുന്നു. 2001-2002 ൽ പി.ടി എയുടെ ആഭിഖ്യത്തിൽ ഒരു സൈക്കിൾ ഷെഡ് നിർമ്മിച്ചു. 2001-2002 മുതൽ എസ്. എസ് . എൽ. സി പരീക്ഷയിൽ ഉയർന്ന സ്കോർ നേടുന്ന വിദ്യാർത്ഥിക്ക് തിരുവല്ല പേടിയിൽ ജ്യൂവലേഴ്സിന്റെ സ്വർണപ്പതക്കം നൽകിവരുന്നു . 2003-2004 ൽ പൂർവ്വവിദ്യാർത്ഥികൾ ചേർന്ന AMMOSA എന്ന സംഘടന രൂപീകരിച്ചു. ഈ സംഘടന സ്കൂൾ പ്രവർത്തനങ്ങളിൽ സഹകരിച്ചുവരുന്നു.

10 കമ്പ്യൂട്ടറുകൾ ഉള്ള ഉന്നതനിലവാരം പുലർത്തുന്ന ഒരു കമ്പ്യൂട്ടർ ലാബ് പി . ടി . എ . യുടെ ആഭിമുഖ്യത്തിൽ 2003 – 2004 ൽ നിർമ്മിച്ചു . 2004 – 2005 ൽ സ്കൂളിന് ഒരു സൗണ്ട് സിസ്റ്റം സംഭാവനയായി ലഭിച്ചു . 2006 – 2007 ൽ സ്കൂൾ ഓഡിറ്റോറിയം പൂർണ്ണമായും വൈദ്യുതികരിച്ചു . 2007 ൽ പൂർവ്വവിദ്യാർത്ഥികളുടെയും അഭ്യുദയകാംക്ഷികളുടെയും സഹകരണത്തോടെ ഒരു ബസ് വാങ്ങുവാൻ സാധിച്ചു . 2012-ൽ JRC (ജൂനിയർ റെഡ്ക്രോസ് ) ആരംഭിച്ചു . ഇപ്പോൾ ഈ യൂണിറ്റ് മികച്ച പ്രവർത്തനങ്ങൾ കാഴ്ച്ചവയ്ക്കുകയും കുട്ടികളെ ഗ്രേസ് മാർക്കിന് അർഹരാക്കുകയും ചെയ്യുന്നു .

2013-2014 സുവർണ്ണ ജൂബിലി വർഷമായി ആഘോഷിച്ചു . ജൂബിലി വർഷത്തിൽ അദ്ധ്യാപകരുടെയും

മാനേജ്മെന്റിന്റെയും അഭ്യുദയകാംക്ഷികളുടെയും സഹകരണത്തോടെ ഒരു സ്മാർട്ട് ക്ലാസ് റൂം നിർമ്മിക്കുകയും തുടർന്ന് ബഹു. മാത്യു ടി . തോമസ് എം .എൽ . എ യുടെ പ്രാദേശിക വികസന ഫണ്ടിൽ നിന്നും സ്മാർട്ട് ക്ലാസ് റൂമിലുള്ള അനുബന്ധ ഉപകരണങ്ങൾ ലഭിക്കുകയും ചെയ്തു . 2017 ജനവരിയിൽ ഇതിന്റെ ഉദ്ഘാടനം നിർവ്വഹിക്കുകയും ചെയ്തു . മഴവില്ല് എന്ന പേരിൽ സുവർണ്ണ ജൂബിലി സ്മരണിക പുറത്തിറക്കി .

2014 – 2015 ൽ കേന്ദ്ര ശാസ്ത്ര സാങ്കേതിക വകുപ്പ് ഏർപ്പെടുത്തിയ സയൻസ് ഇൻസ്പെയർ അവാർഡിന് മാസ്റ്റർ ആശേർ പോൾ , മാസ്റ്റർ റിനു രാജൻ, മാസ്റ്റർ ആഷലിൻ തോമസ് എന്നീ വിദ്യാർത്ഥികൾ അർഹരായി . രാജ്യസഭാ ഉപാദ്യക്ഷൻ ബഹു. പി.ജെ. കുര്യൻ എം. പി യുടെ പ്രാദേശിക വികസന ഫണ്ടിൽ നിന്നും 5 ലക്ഷം രൂപ ചിലവിൽ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കുമായി രണ്ട് ടൊയിലറ്റ് ബ്ലോക്ക് നിർമ്മിച്ചു . അഡ്വ. മാത്യു . ടി . തോമസ് എം . എൽ . എ . 2014 – 2015 ലെ സ്പെഷ്യൽ ഡെവെലപ്മെന്റ് ഫണ്ടിൽ നിന്നും മൂന്ന് കമ്പ്യൂട്ടറുകളും അനുബന്ധ സാമഗ്രികളും ലഭിച്ചു . 2016 ൽ ഒരു ഹെഡ് മാസ്റ്റ് ലൈറ്റ് സ്ഥാപിച്ചു . 2016 ഡിസംബറിൽ ലാബും ലൈബ്രറിയും ടൈലിട്ട് വൃത്തിയാക്കി . 2017 – 18 അദ്ധ്യായ വർഷം എല്ലാ ക്ലാസ് മുറികളും ഹൈടെക്ക് ആക്കുവാൻ സാധിച്ചു . 2018 – 19 ൽ ലിറ്റിൽ കൈറ്റ്സ് ക്ലബ് ആരംഭിച്ചു .

2015 മുതൽ തുടർച്ചയായി നടന്ന എസ്. എസ്. എൽ. സി. പരീക്ഷകളിൽ 100 % വിജയം സ്കൂളിന് ലഭിച്ചു . 2015–ൽ മാസ്റ്റർ ആശേർ പോൾ , മാസ്റ്റർ അനന്തു മോഹൻ എന്നിവർക്കും 2016–ൽ കുമാരി മിജി . സി . മാത്യുവിനും 2017–ൽ മാസ്റ്റർ ആഷലിൻ തോമസ് ബിജു , കുമാരി റോഷ്നാ സാറാ മാത്യു , കുമാരി ഷാരൺ ജോൺ എന്നിവർക്കും എല്ലാ വിഷയങ്ങൾക്കും A+ ലഭിച്ചു .

വർഷകഴിഞ്ഞ 55 മായി ഈ വിദ്യാലയത്തിന് ലഭിച്ചുകൊണ്ടിരിക്കുന്ന ദൈവകൃപയെ നന്ദിയോടെ സ്മരിക്കുന്നു . സ്കൂളിന്റെ വികസന പ്രവർത്തനങ്ങളിൽ ആത്മാർത്ഥമായി സഹകരിച്ചുകൊണ്ടിരിക്കുന്ന രക്ഷകർത്താക്കൾ , പൂർവ്വ വിദ്യാർത്ഥികൾ , അഭ്യുദയകാംക്ഷികൾ , നാട്ടുകാർ , എൽ . ഐ . സി . മാനേജ്മെന്റ് എന്നിവരെ നന്ദിയോടെ സ്മരിക്കുന്നു .

ഗ്രാമീണ ചൈതന്യം ഉൾക്കൊള്ളുന്ന ഓതറയുടെ തിലകക്കുറിയായി എ . എം . എം .ഹൈസ്കൂൾ ശോഭിക്കുവാൻ , പുരോഗമിക്കുവാൻ തുടർന്നും പ്രാർത്ഥനയോടെ നമുക്ക് ഒത്തൊരുമിച്ച് പ്രവർത്തിക്കാം........



സാനിയ, VIII

കഥ

# ഭ്രൂചലനം

ദീർഘമായ ബസ് യാത്രയ്ക്ക് ശേഷം ക്ലാസ്സിലേക്ക് പ്രവേശിക്കുമ്പോൾ എനിക്ക് ക്ഷീണം തോന്നിയിരുന്നില്ല. കാരണം ഗ്രാമ വിശുദ്ധി തുളുമ്പുന്ന ആ സ്കൂൾ എനിക്കിഷ്ടമായിരുന്നു , നിഷ്കളങ്കതയുടെ പ്രതീകമായ കുറെ കുട്ടികളും അവരുടെ ലോകവും അവരോടൊപ്പം ഞാനും ........

പതിവില്ലാതെ ക്ലാസിൽ ഹാജർ നിലവാരം നന്നേ കുറവായിരുന്നു. കുട്ടികളുടെ മുഖങ്ങളിൽ ഭയചിന്തകളുടെ കരിനിഴൽ തളം കെട്ടിനിൽക്കുന്നു . കണ്ണുകളിൽ ഉറക്കെളപ്പിന്റെ നീറ്റൽ . ഉത്കണ്ഠാപൂർണ്ണമായ അവരുടെ കണ്ണുകൾ ചുറ്റുമുള്ള ഭിത്തികളിലേക്കും മേൽക്കൂരയിലേക്കും മാറി മാറിപ്പതിഞ്ഞു .

"സാറേ..... ; ഇന്നലെ രാത്രിയിലാണ് ജീപ്പിൽ വിളിച്ചു പറഞ്ഞുകൊണ്ട് വന്നത് .... " ഒരു ദീർഘ നിശ്വാസത്തിനു ശേഷം ജിബി തുടർന്നു ...... "ഭൂകമ്പ സാധ്യതയുള്ള സ്ഥലമായതിനാൽ ജനങ്ങളെല്ലാം തുറസ്സായ സ്ഥലങ്ങളിലേക്ക് മാറണമെന്നറിയിക്കുന്നു . അടുത്ത ആറു മണിക്കൂറുകൾ അതീവ ജാഗ്രത പുലർത്തുക ......... " അവൻ പറഞ്ഞുതീരും മുമ്പേ മറ്റൊരുകുട്ടി പറഞ്ഞു. "വെളിയിൽ മഞ്ഞത്ത്

ഇരിക്കുകയായിരുന്നു . ഓടും കഴുക്കോലുമൊക്കെ താഴെ വീണാൽ ....... ഞങ്ങൾക്ക് ഭയങ്കര പേടിയായിരുന്നു, സാറെ...."

അപ്പോൾ അജിത്ത് പറഞ്ഞു. "രാത്രിയിൽ വീട്ടിൽ നിന്ന് ഓടി ഇറങ്ങുമ്പോഴും ടി വി എടുത്തുകൊണ്ടു പോകാൻ മമ്മി

പപ്പായോട് വിളിച്ചു പറയുന്നുണ്ടായിരുന്നു...."

"എനിക്ക് നല്ല ഉറക്കക്ഷീണമുണ്ട് സർ"നാസർ വിളിച്ചു പറഞ്ഞു.

"പപ്പ ലോൺ എടുത്താണ് വീടുമുഴുവനും വാർത്തത് രാത്രിയിൽ തണുത്ത് ഇരിക്കുമ്പോഴും പപ്പയ്ക്ക് അതായിരുന്നു , ഭയം " അത് പറയുമ്പോഴും അവൻ കിതയ്ക്കുന്നുണ്ടായിരുന്നു.

ഓരോ കുട്ടികളും സാക്ഷ്യം വഹിച്ച ഭയാനക നിമിഷങ്ങളെപ്പറ്റി വാചാലരാവുകയായിരുന്നു . കഴിഞ്ഞ രാത്രിയുടെ അന്ധകാരത്തിൽ അരങ്ങേറാമായിരുന്ന പ്രകൃതിയുടെ രൗദ്രഭാവം . ഒരു നിമിഷാർദ്ധത്തിൽ എല്ലാം തകർത്തുടയ്ക്കുവാൻ കഴിയുന്ന പ്രകൃതിയുടെ സംഹാര താണ്ഡവം അത് സംഭവിച്ചുപോയിരുന്നുവെങ്കിൽ........? എനിക്ക് ചിന്തിക്കുവാൻ കഴിയുമായിരുന്നില്ല .


പെട്ടന്നാണ് എന്റെ കണ്ണുകൾ അവനിൽ ഉടക്കിയത് . അതീവ സന്തോഷവാനായിരുന്ന അവൻ . ജീവിതത്തിൽ എന്തോ നേടിയെടുത്തതിന്റെ ഓജസ്സും ആത്മാഭിമാനവും അവന്റെ മുഖത്ത് പ്രതിഫലിക്കുന്ന . ഒരു സാമ്രാജ്യം തന്റെ കൈകളിൽ എത്തിച്ചേർന്നതിന്റെ സംതൃപ്തി അവന്റെ കണ്ണുകളിൽ തെളിയുന്ന .

"......... എന്താ ഹരീ ! " ഞാൻ ചോദിച്ചു .

" സാറെ ഇന്നലെ രാത്രിയിൽ ഞാൻ സുഖമായുറങ്ങി . ഓലവന്ന വീണാൽ മരിക്കില്ലെന്ന അച്ചാച്ചൻ പറഞ്ഞു . വീടിന്റെ ഭിത്തിയും മേൽക്കൂരയും ഒക്കെ ഓലയാ സാറെ"

ഒരുനിമിഷം എവിടെയോ ഒരു വൻസ്ഫോടനത്തിന്റെ ഭയാനക ശബ്ദം ഞാൻ കേട്ടു . ഒരായിരം ആർത്തനാദം ഉയരുന്ന . ഭൂമിയുടെ അടിസ്ഥാനം ആടുന്ന . ചുറ്റുമുള്ള ഭിത്തിയും മേൽക്കൂരയും ഒക്കെ ഉലയുന്ന . ഒരു ഭൂചലനം സംഭവിക്കുകയായിരുന്ന . എന്റെ ചിന്തയുടെ ലോകത്തിൽ !

ബിനോയ് ജേക്കബ്
ടീച്ചർ




ബിപിൻ തോമസ്, 8A

# സ്വതന്ത്രഭാരതത്തിന്റെ ആത്മരോദനം

എവിടെ സ്വാതന്ത്ര്യമെൻ മക്കളെ ചൊല്ലുക
എവിടെയെൻ സ്വാതന്ത്ര്യമിന്നിവിടെ?
നിങ്ങളെൻ പണ്ടവും മാനവും മാത്രമോ
നിർഭയം ചിന്തയും വാളുവച്ചു

പരദേശി പോയാൽ സ്വതന്ത്രയോ പറകനീ
പറുദീസയിൽ ഞനുറങ്ങിടുന്നോ!
ചുവടുകൾ മാറ്റിച്ചവിട്ട നിയങ്ങനെ
ചടുലമായ് താണ്ഡവമാടിടുമ്പോൾ!

എന്തിനു നീയെന്നെ യൊറ്റുകൊടുത്തന്ന്
എന്തിനെന്നെ ബന്ധനസ്ഥയാക്കി!
എന്നെ ചതിച്ചിട്ടീയാഘോഷമെന്തിന്
എത്രയോ ഉത്സവം വേറെയുണ്ട് !

കൂട്ടുകാരന്റെ കുതികാൽതകർത്തുനീ
കുരുതി കൊടുത്തു നീ സോദരനെ
രക്തസാക്ഷിത്വം വിലയ്ക്കു വാങ്ങുന്നനിൻ

## രഹസ്യമെനിക്കും പരസ്യമല്ലേ

പെണ്ണ് പിറക്കാൻ സ്വതന്ത്ര്യയോ ചൊല്ലനീ
പെറ്റു പിഴയ്ക്കാനനുവദിക്കുന്നുവോ?
എൻ മകൾ കേഴുന്നു സ്ത്രീധനമെന്നോരാ
എരി തീയിലവളെ നീ ചുട്ടിടുന്നു.

പിറയ്ക്കാനിരിക്കുമെൻ ചോരക്കിടാങ്ങളും
പാശ്ചാത്യ ബാങ്കിനു പണയമെത്ര
അവരുടെ ശീലങ്ങളേറ്റു വാങ്ങുന്നവർ
അവ്വരുടെ ശീലങ്ങളേറ്റുപാടി

എന്റെ കിടാങ്ങളെ യെന്തിനു വെട്ടി നീ
യെന്റെ കിനാക്കളിൽ ചോര വീഴ്ത്തി
പെറ്റിട്ട നേരമിവരൊന്നു മെന്നുടെ
പേക്കിനാവായിരുന്നില്ല സത്യം.

പ്രതിപക്ഷ കക്ഷികൾ ഭരണ മേറിടുമ്പോൾ
പ്രതികളാകുന്നു മുൻഭരണപക്ഷം
കൂട്ടിമുട്ടുന്നു സമാന്തരേഖകൾ!
കൂട്ടുകാരായവർ നീങ്ങിടുന്നു.

നീറുന്ന പ്രാണനിൽ വിഷപ്പുക കത്തവെ
നെഞ്ചുപൊട്ടുന്നു ശ്വസിച്ചിടാതെ-


നാസികത്തുമ്പിലെ ജീവവായു
നിശ്വസിക്കാതെ പിടഞ്ഞീടുന്ന
അമ്മതൻ മാനം കവർന്നെടുത്തീടുവാൻ
അന്യന വേണ്ടി നീ കാവൽ നിൽക്കേ
എവിടെ സ്വതന്ത്ര്യ ഞാനെവിടെ സുരക്ഷിത-
യെവിടെയെനിക്കൊന്നു സ്വസ്ഥമാവാം

പി ജി ശാന്തമ്മ,
ടീച്ചർ




## ഫുട്ബോൾ പ്രവചനം.....

മത്സരവിജയി



ഷാബു കെ ദാനിയേൽ,ക്ലർക്ക്

KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION

കഥ

# വിശ്വസ്തത

ഒരിക്കൽ ഒരിടത്ത് ഒരു അതിമനോഹരമായ ഒരു കൊട്ടാരം ഉണ്ടായിരുന്നു . ആ കൊട്ടാരത്തിലെ രാജാവിന് അതി സുന്ദരനായ ഒരു രാജകുമാരനുണ്ടായിരുന്നു . അവന് വിവാഹമായിരുന്നു . മകന് വധുവിനെ തിരെഞ്ഞടുക്കാൻ രാജാവ് തീരുമാനിച്ചു . രാജാവ് തന്റെ സൈന്യങ്ങളോട് പറഞ്ഞു " ഈ നാട്ടിലെ എല്ലാ വിവാഹ പ്രായമായ പെൺകുട്ടികളും കൊട്ടാരത്തിൽ വരാൻ കല്പിച്ചു " എന്നിട്ട് എല്ലാവരുടെ കൈയിലും രാജാവ് കുറച്ച് വിത്ത് കൊടുത്തു , എന്നിട്ട് പറഞ്ഞു മൂന്നു മാസം കഴിയുമ്പോൾ ഇതിൽ നിറയെ പൂവുമായി ആരാണോ ആദ്യം കൊട്ടാരത്തിൽ വരുന്നത് അവരായിരിക്കും എന്റെ മകന്റെ വധു . അങ്ങനെ എല്ലാവരും അവരവരുടെ വീടുകളിലേക്ക് തിരികെ പോയി . അങ്ങനെ മൂന്നു മാസം കഴിഞ്ഞ് എല്ലാവരും കുറേ പൂക്കളുമായി കൊട്ടാരത്തിൽ എത്തി . രാജാവ് എല്ലാവരെയും നോക്കി . എല്ലാവരുടെ കൈയിലും കുറേ പൂക്കൾ ഉണ്ട് . പക്ഷേ ഒരാളുടെ  കൈയിൽ മാത്രം പൂക്കൾ ഇല്ലായിരുന്നു . രാജാവ് അവളോട് ചോദിച്ചു , " എന്താ

തന്റെ കൈയിൽ മാത്രം പൂവ് ഇല്ലാത്തത് ? " അപ്പോൾ അവൾ പറഞ്ഞു " രാജാവേ .. ഞാൻ നട്ടു , വെള്ളം ഒഴിച്ചു , പക്ഷേ പൂവുണ്ടായില്ല " . അപ്പോൾ രാജാവ് പറഞ്ഞു " നീയാണ് എന്റെ മകന്റെ വധു ". ഇതുകേട്ടപ്പോൾ മറ്റുള്ളവർ അങ്ങോട്ടുമിങ്ങോട്ടും നോക്കി പിറുപിറുത്തു . ഇത് എങ്ങനെ നടപ്പിലാകും ? മറ്റുള്ളവർ ബഹളം വെച്ചു . അപ്പോൾ രാജാവ് പറഞ്ഞു " ഞാൻ നിങ്ങൾക്ക തന്ന വിത്ത് പുഴുങ്ങിയതാണ് . അത് ഒരിക്കലും മുളയ്ക്കില്ലെന്ന് എനിക്കറിയാം . " എന്നാൽ ഞാൻ തന്ന വിത്ത് നിങ്ങൾ കളഞ്ഞിട്ട് വേറെ വിത്താണ് നട്ടത് . അതിലെ പൂവുമായിട്ടാണ് നിങ്ങൾ എന്റെ അടുക്കൽ വന്നത് . എന്നാൽ ഇവൾ മാത്രം ഞാൻ കൊടുത്ത വിത്താമ് നട്ടത് . ഇവിടെ വിശ്വസ്തത കാണിച്ച ഇവളാണ് എന്റെ മകന്റെ വധു . അങ്ങനെ താമസിയാതെ അവരുടെ വിവാഹവും കഴിഞ്ഞു .

"പ്രീയമുള്ളവരെ നമ്മൾ ഒരിക്കലും അവിശ്വസ്തത കാണിക്കരുത് . വിശ്വസ്തരായിരിക്കണം " .

ജിഷ,XB




CHRISTY.C.Mathai , X A

യാത്രാവിവരണം

# സ്വപ്നയാത്ര

2018 നവംബർ 18 ഞായറാഴ്ച്ച വൈകിട്ട് 6 മണിക്ക് ഞങ്ങൾ സ്കൂളിന് സമീപത്തുള്ള ആൽത്തറ ജംഗ്ഷനിൽ നിന്ന് യാത്ര ആരംഭിച്ചു . ഞങ്ങളുടെ സ്വപ്ന യാത്ര..... കാരണം കഴിഞ്ഞ 10 വർഷമായിട്ട് ഒരുമിച്ച് പഠിക്കുന്നവരാണ് . പിരിയാത്ത കൂട്ടുകാരും.

അങ്ങനെ വണ്ടി വന്നു . സൂപ്പർ ആണ് , " കർണ്ണ " . പ്രാർത്ഥനയ്ക്കു ശേഷം യാത്ര തുടങ്ങി . ഏരിയ വിട്ടപ്പോഴേക്കും എല്ലാവരും പാട്ടിനൊത്ത് അടിച്ചു പൊളിച്ചു . രാത്രി എട്ടരയോടു കൂടി റാന്നിയിൽ നിന്ന് അത്താഴം കഴിച്ചു . പിന്നീട് എല്ലാവരും സിനിമയിൽ മുഴുകി . ചിലരൊക്കെ ഉറങ്ങാനും തുടങ്ങിയിരുന്നു . അയ്യപ്പനെ കാണാൻ പോകുന്ന ഭക്തരുടെ പേട്ട തുള്ളലും കണ്ടു . ഇപ്പോൾ എരുമേലി പിന്നിട്ടിരിക്കുകയാണ് . താഴേക്ക് നോക്കുമ്പോൾ വാനത്തെ നക്ഷത്രങ്ങൾ മണ്ണിൽ വന്നതുപോലെ ഓരോ വീടുകളിലും ലൈറ്റിന്റെ വെട്ടം .

പതിയെ ഞാനും ഉറങ്ങി . എഴുന്നേറ്റപ്പോൾ

മഞ്ഞിൻപുതപ്പണിഞ്ഞുനിൽക്കുന്ന തേയില തോട്ടം കണ്ടു . രാവിലെ എല്ലാവരും ഫ്രഷായി ഭക്ഷണം കഴിച്ച് തേനിയിലെ മുന്തിരിത്തോട്ടം കാണാനായിറങ്ങി . മാനത്തെ ചുംബിച്ചു നിൽക്കുന്ന മല നിരകളും ഹരിതാഭമായ താഴ്വാരങ്ങളും , അവയെ മൂടുന്ന മേഘപാളികളും ഞങ്ങളിൽ അതിശയം ഉളവാക്കി . ഒരു കുന്നിന്റെ താഴ്വരയിലായിരുന്നു മുന്തിരിത്തോട്ടം . “ DON'T PLUCK FRUITS ” എന്നെഴുതി വച്ചിട്ടുണ്ടെങ്കിലും ചിലരൊക്കെ പറിച്ചു. ഏക്കറു കണക്കിനു പഴുത്തു നിൽക്കുന്ന മുന്തിരി കുലകൾ കാണുമ്പോൾ ആർക്കാണ് കൊതിവരാത്തത് !

യാത്ര ഇനി തേക്കടിയിലേക്കാണ്. മലഞ്ചെരുവുകളെ തൊട്ടുതഴുകിയുള്ള യാത്ര.വഴി കുറച്ച് ദുർഘടമാണ്.പെരിയാർ ടൈഗർറിസർവ്വിന്റെവണ്ടിയിൽബോട്ടിംഗ്കേന്ദ്രത്തിലേക്ക്തിരി ച്ചുതടാകത്തിലൂടെയുള്ളമനോഹരമായയാത്ര.അതിനിടയിൽനയ നാനന്ദകരമായഒരുപാട്കാഴ്ചകൾ..ബോട്ടിംഗിനുശേഷംതിരികെ വണ്ടിയിലേക്ക്പിന്നെയുംയാത്ര.അങ്ങനെആദ്യദിവസത്തെ യാത്ര അവസാനിക്കുകയാണ്.അടിമാലിയിലെ'white castle' ഹോട്ടലിലായിരുന്നു തങ്ങിയത്.

പിറ്റേന്നു രാവിലെ 'SouthIndianKashmir' എന്നറിയപ്പെടുന്നമൂന്നാറിലേക്കു.കുറ്റൻമലനിരകൾപിന്നിട്ടപ്പോൾ നിറയെതേയിലത്തോട്ടങ്ങളു.അവിടേക്ക്ജോലിക്കുപോകുന്നപെ

ണ്ണങ്ങളേയുംകാണാം.ഇപ്പോമാട്ടുപ്പെട്ടിഡാമിലേക്കാണ് യാത്ര.വഴിയിൽ ഞങ്ങളുടെ കണ്ണുകളെ ഈറനണിയിച്ചത് പ്രളയാനന്തര കാഴ്ചകളാണ്.അവിടെ പ്രകൃതി തന്റെ സൗന്ദര്യം കനിഞ്ഞുനൽകിയിരിക്കുകയാണ്.മലകളാൽ സംരക്ഷിക്കപ്പെട്ടും,മരങ്ങളാൽ കുളിരേകിയുമുള്ള പ്രദേശം.കുറേ സമയം ചിലവഴിച്ചശേഷം 'top station'ലേക്ക്.സഖാവ് അഭിമന്യുവിന്റെ വട്ടവട എന്നഗ്രാമത്തിലൂടെയാണ്പോയത.ടോപ്പ്സ്റ്റേഷനോടടുത്തപ്പോൾ ഒരുമാജിക്ക് കാണായി.മഞ്ഞ് വളരെ വേഗത്തിൽ താഴ്ന്ന പ്രദേശങ്ങളിലേക്ക് വ്യാപിക്കുന്നു.അത് കാണേണ്ട കാഴ്ചതന്നെയാണ്. ഇങ്ങനെ പ്രകൃതിയുടെ ലീലാവിലാസങ്ങൾ കണ്ടങ്ങനെ നടന്നു . ഉച്ചയായപ്പോൾ ബസ് തടാകകരയിൽ നിർത്തി . ആ വഴിയരികിൽ ഇരുന്ന് ഭക്ഷണം കഴിച്ചു . മൂന്നാറിലെ തണുപ്പും , തടാകത്തിൽ നിന്നുള്ള കാറ്റും കൂടിയായപ്പോൾ ഹാ ! എന്തു രസം .

ഇനി എക്കോസ്പോട്ടിലേക്കാണ് . വണ്ടിയിലല്ല നടന്നാണ് പോകേണ്ടത് . അവിടെ നിന്ന് ഓരോരുത്തരുടെയും ഇരട്ടപ്പേരുകൾ വിളിച്ചു കൂവി . എക്കോ കേൾക്കുമോ എന്ന് അറിയണമെല്ലോ ? കേട്ടു ... കുറച്ചു സമയം അവിടെ ചിലവഴിച്ചു . പിന്നെ പർച്ചേയ്സിങ്ങ് നടത്തി . അതിനുശേഷം

മടക്കയാത്രയ്ക്ക് തയ്യാറായി . അപ്പോഴേക്ക് എല്ലാവരും ക്ഷീണിച്ചിരുന്നു .

അടിമാലിയിലെ ഹോട്ടലിൽ നിന്നും അത്താഴത്തിനു ശേഷം നിർത്താതെയുള്ള യാത്ര . രണ്ടു ദിവസവും ഞങ്ങളെ കാത്തു പരിപാലിച്ച ദൈവത്തിന് നന്ദി പറഞ്ഞു പ്രാർത്ഥിച്ചു . വെളുപ്പിന് നാലു മണിയോടുകൂടി എല്ലാവരും വീടുകളിൽ തിരികെയെത്തി . കൊടൈക്കനാൽ യാത്ര പ്രതീക്ഷിച്ച ഞങ്ങൾക്ക് ദൈവം സമാനിച്ചത് വേറെയാരും അനുഭവിച്ചിട്ടില്ലാത്ത ഒരു അടിപൊളി ട്രിപ്പായിരുന്നു .......

ആശിഷ ബോബി,

XA




സ്നേഹ മേഴ്സി സാബു,10A

**ലേഖനം**

# ഇതുമൊരു പമ്പ

ഭക്തജനലക്ഷങ്ങൾ നെഞ്ചേറ്റിയ പുണ്യമാണ് പമ്പ. എന്നാൽ പമ്പയുടെ ചരിത്രത്തിൽ 'ആദിപമ്പ' എന്ന പുണ്യനാമത്തിൽ അറിയപ്പെടുന്ന മറ്റൊരു പുഴയുടെ കഥ കൂടിയുണ്ട്. അവിടെയാണ് പമ്പയും വരട്ടാറും തമ്മിലുള്ള അഭേദ്യമായ ബന്ധത്തിന്റെ കഥ തുടങ്ങുന്നത്. പമ്പയുടെ കൈവഴിയായ വരട്ടാറിന്റെ ഉത്ഭവത്തെക്കുറിച്ച് പഴമക്കാർ പറയുന്നതിങ്ങനെ.

പമ്പ ആദ്യകാലങ്ങളിൽ അത്തിക്കയം ഉക്കപാലത്തിനടുത്തുള്ള പള്ളക്കടവിൽ നിന്നും രണ്ടായിപിരിഞ്ഞ് ഒഴുകിയിരുന്നു. അതിൽ പ്രധാനശാഖ നേരെതന്നെ ഒഴുകിപ്പോകുന്നു. മറ്റൊരു ശാഖ വലത്തേക്ക് തിരിഞ്ഞ് ഏകദേശം നാലര കിലോമീറ്ററോളംനീളത്തിൽസമചതുരാകൃതിയിൽഒഴുകി തിരിച്ച് പുത്തൻകാവിൽവെച്ച് പമ്പയിൽ തന്നെ ചേരുന്നു.ഈ ശാഖയെ 'പൂർവ്വ പമ്പ' എന്നാണ് വിളിച്ചിരുന്നത് . പൂർവ്വപമ്പയാൽ ചുറ്റപ്പെട്ട കരഭൂമിയെ ' ഇടനാട് ' (ഇടയിലുള്ള നാട്) എന്ന് വിളിച്ചുവന്നു. എന്നാൽ കാലക്രമേണ ഇടനാട്ടിടത്തിനും പുത്തൻകാവിനും ഇടയിൽ കന്നുകാലികളുടെ കടത്തിനായി വഞ്ചിപ്പോട്ടിൽ കടവിൽ ഒരു ചിറ

നിർമ്മിക്കപ്പെട്ടു. തന്മൂലം പൂർവ്വപമ്പയിലേക്കുള്ള നീരൊഴുക്ക് തടസ്സപ്പെടുകയും അത് ഒഴുക്ക് കുറഞ്ഞ ഒരു നീർച്ചാൽ മാത്രമായി മാറുകയും ചെയ്തു. കാലക്രമേണ, ആറാട്ടുപ്പുഴ പാലത്തിന് പടിഞ്ഞാറ് ഭാഗത്ത് നിന്നും പമ്പയുടെ പുതിയ കൈവഴി രൂപപ്പെടുകയും അത് ഈ നീർച്ചാലുമായി ചേർന്ന് കോയിപ്രം, ഇടനാട്, ഓതറ, തൈമറവുംകര, കുറ്റൂർ, തിരുവൻവണ്ടൂർ എന്നീ സ്ഥലങ്ങളിലൂടെ സഞ്ചരിച്ച് ഒടുവിൽ മണിമലയാറ്റിൽ എത്തിച്ചേരുന്ന രീതിയിൽ പരിണമിച്ചു. ഈ കൈവഴിയാണ് ആദിപമ്പ അല്ലെങ്കിൽ 'വരട്ടാർ' എന്ന നാമത്തിൽ അറിയപ്പെടുന്നത് . മഴക്കാലങ്ങളിൽ സമൃദ്ധിയായി ഒഴുകിയിരുന്ന ഈ പുഴ വേനൽക്കാലങ്ങളിൽവരണ്ടുപോയിരുന്നു. അങ്ങനെയാണ് ഇത് 'വരട്ടാർ' ആയത്. ആദ്യപാത ഇതായിരുന്നുവെന്നും ഈ പാതയ്ക്ക് തടസ്സംനേരിട്ടപ്പോൾ വഴി മാറിയൊഴുകി രൂപപ്പെട്ടതാണ് ഇന്നു കാണുന്ന പ്രധാനപമ്പയെന്നും ചില അഭിമതകളുണ്ട്. എന്തായാലും പമ്പയുടെ കൈവഴിയും നിരവധി കൈത്തോടും ആയിരുന്ന, മരണത്തോടുമല്ലടിച്ചിരുന്ന വരട്ടാർ ഇന്ന് പുനരുജ്ജീവനത്തിന്റെ പാതയിലാണ്.

ഗ്രാമസൗന്ദര്യം നിറഞ്ഞുനിൽക്കുന്ന കോയിപ്രം, ഇടനാട്, ഓതറ, കുറ്റൂർ, തൈമറവുംകര, തിരുവൻവണ്ടൂർ പ്രദേശങ്ങളുടെ സംസ്കാരികവും കലാപരവും ആയ നിരവധി ആചാരനുഷ്ഠാനങ്ങളുടെ ഭാഗഭാക്കാണ് വരട്ടാർ. പ്രസിദ്ധമായ ആറന്മുള വള്ളംകളിയുടെ ഭാഗമായ

പള്ളിയോടകരകളിൽ പ്രസിദ്ധങ്ങളാണ് കോയിപ്രം, ഇടനാട്, ഓതറ, പുതുക്കുളങ്ങര, കിഴക്കനോതറ പള്ളിയോടങ്ങൾ. ഇവയെല്ലാം ആറന്മുളയിലെത്തുന്നത് പ്രധാനമായും വരട്ടാറിലൂടെയാണ്. മണൽവാരലും കടന്നുകയറ്റങ്ങളും ഭൂമികൈയേറലും കാരണം തിട്ടയിടിഞ്ഞ് വരട്ടാർ ഇന്ന് കുറ്റികാടുകളും വൻമരങ്ങളും വളർന്നു നിൽക്കുന്ന ഒരു ജലപാത മാത്രമായി മാറിയിരിക്കുന്നു. വരട്ടാറിൽ അവിടവിടെയായി തളംകെട്ടി നിൽക്കുന്ന വെള്ളം വേനലിൽ മനസ്സിൽ മുറിവേൽപ്പിക്കുന്ന കാഴ്ച്ചയാണ്.

വരട്ടാറിന്റെ ദാനമായിരുന്ന സമൃദ്ധിയുടെ പര്യായമായ ഇടനാട് കരപ്രദേശം. പ്രശസ്ത പക്ഷി നിരീക്ഷകൻ ഡോ. സലീം അലി ഇടനാട് കരയേയും വരട്ടാറിനേയും നേരിൽ കണ്ടപ്പോൾ അഭിപ്രായപ്പെട്ടത് "ഞാൻ ദൈവത്തിന്റെ സ്വന്തം നാട്ടിലെത്തി " എന്നാമെന്ന് പറയപ്പെടുന്നു. എന്നാൽ ഇന്ന് വരട്ടാറിന്റെ ശോചനീയാവസ്ഥ ഏവരുടെയും സങ്കടത്തിന് കാരണമായിത്തീരുന്നു. മണൽമാഫിയകളുടെ പിടിയിലകപ്പെട്ട ഈ പുഴയുടെ ദയനീയാവസ്ഥയ്ക്ക് കാരണം പമ്പയിലെ മണൽവാരൽ കൊണ്ട് അടിത്തട്ട് താഴ്ന്നതാണ്. തന്മൂലം ഇന്ന് പമ്പയും വരട്ടാറും രണ്ട് തലങ്ങളിലാണ് ഒഴുകികൊണ്ടിരിക്കുന്നത്.

നിരവധി പരാതികളുടെയും പരിഭവംപറച്ചിലിന്റെയും ഫലമായി സാമൂഹിക പ്രവർത്തകരും പ്രകൃതിസ്നേഹികളും നാട്ടുകാരും സംഘടിച്ച് 'പമ്പ പരീക്ഷണസമിതിയ്ക്ക് 'രൂപം നൽകി. ആ പ്രവർത്തനങ്ങൾക്ക്

ചുക്കാൻ പിടിച്ചവർ നാട്ടുക്കാരുടെ സഹായത്തോടു കൂടി 'വരട്ടാർ പുനരുജ്ജീവനം ' പദ്ധതിക്കും ജീവൻ നൽകി. തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായ സ്ത്രീ ജീവനക്കാർ വരട്ടാറിന്റെ നീരൊഴുക്കിനെ തിരിച്ചുകൊണ്ടുവരാനുള്ള പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു. ഇരവിപേരൂർ, കോയിപ്രം, കുറ്റൂർ പഞ്ചായത്തുകൾ സജീവമായി ഈ പ്രവർത്തനങ്ങൾക്ക് പങ്കാളികളാണ്. ഓരോ പഞ്ചായത്തിലുമായി തൊഴിലുറപ്പു പദ്ധതിയിലെ

120-ഓളം തൊഴിലാളികൾ ഇതിനായി പ്രവർത്തിക്കുന്നു. മൺമറഞ്ഞു പോകുന്ന മൂല്യങ്ങളെ തിരിച്ചുപിടിക്കാനുള്ള അന്തിമശ്രമം ! സർക്കാരും നാട്ടുകാരും സർവ്വമനസ്സുകളും അതിനായി യത്നിക്കുന്നു, ഇന്ന്.

**സെബിൻ ഡാനി,9A**

കഥ

# ആ കലാലയജീവിതം

29 പേർ. അവരുടെ ഹൈസ്കൂൾ ജീവിതമന്ന് അവസാനിക്കുകയായിരുന്നു. തണൽ തേടി ചേക്കേറിയ ആ മരത്തിൽനിന്ന് മധുരമായ ഫലങ്ങൾ കൊത്തി തിന്ന് വീണ്ടും ആകാശത്തിന്റെ വിഹായസിലേക്ക് പല സ്വപ്നങ്ങൾ ലക്ഷ്യമാക്കി പറന്നുയരാൻ പോവുകയാണീ പക്ഷികൾ . സ്വപ്നങ്ങൾക്ക് ജീവിതത്തിൽ പ്രത്യേകസ്ഥാനമുണ്ടെങ്കിലും ആ നിമിഷം
അവരുടെയെല്ലാം മനസ്സാഗ്രഹിച്ചിരുന്നത് ഒരൊറ്റ കാര്യം തന്നെയാവാംഒരു വട്ടം കൂടെയീ ഹൈസ്കൂൾ ജീവിതം തിരികെ വന്നിരുന്നെങ്കിൽ എന്നത്. ചിരിയും കളിയും കരച്ചിലും പിഴിച്ചിലും വഴക്കും കുസൃതികളുമെല്ലാം 'ഇന്നലത്തെ ഓർമകൾ' എന്ന് പേർ ചൊല്ലി വിളിക്കാനുള്ള സമയമടുത്തുവെന്നവരറിഞ്ഞു. 'ജീവിതത്തിൽ പങ്കുവയ്ക്കാനൊക്കെ പഠിക്കുന്നത് വിദ്യാലയത്തിൽനിന്നാണ്' എന്ന് പറയുന്നതെത്ര ശരിയാണ്. ഇവരിവിടെ പങ്കുവച്ചിരുന്നത് മിഠായികളും പേനകളും മാത്രമല്ല.

ഹൃദയമായിരുന്നു. ചൂളക്കുന്നിനുമുകളിലേക്ക് ആദ്യമായി നടന്നു കേറിയപ്പോൾഇനി മൂന്നു വർഷം ഈ കയറ്റം കയറണമെല്ലോയെന്ന സങ്കടമായിരുന്നുഅവർക്ക്. എന്നാലിന്ന് ആ കുന്നിറങ്ങിപോകുമ്പോൾ നെഞ്ചിനുള്ളിലൊരു പിടച്ചിലാണ്. കൂട്ടുകാർക്കിടയിൽ പൂർണ്ണമാകുന്നതല്ലല്ലോ സ്കൂൾ ജീവിതം. അവിടെ അധ്യാപകരും ഉൾക്കൊള്ളുന്നു. പുസ്തകതാളുകൾക്കപ്പു-റം ജീവിതം പകർന്നുത്തന്നവരുടെ കർക്കശഭാവം മാത്രമല്ല സ്നേഹവാൽസല്യങ്ങളും രുച്ചിച്ചറിയുവാനവർക്ക് സാധിച്ചിട്ടുണ്ട്. ഇന്നലെവരെ കണ്ടിട്ടില്ലാത്തൊരു സൗന്ദര്യം ഇന്നീപള്ളികൂടത്തിനെങ്ങനെ കൈവന്നുവെന്ന അത്ഭുതത്തോടെ പടിയിറങ്ങാൻ മടിച്ചുകൊണ്ട് വീണ്ടുംതിരിഞ്ഞുനോക്കുകയാണവർ....

**സോഫി അന്ന കുര്യൻ,**
**XA**

# ശാസ്ത്രം @2018



1.സൂര്യനിലേക്ക്പറന്ന്

സൂര്യനോട്ഏറ്റവുംഅടുത്തെത്തിയമനുഷ്യ നിർമ്മിതപേടകമെന്ന ബഹുമതി നാസയുടെ പാർക്കർ സോളാർ പ്രോബിന്

*വിക്ഷേപിച്ചത് ഓഗസ് റ്റ്12 ന ഡെൽറ്റ 4 റോക്കറ്റിൽ

2 ക്ലോൺ കുരങ്ങുകൾ ....ഷാങ്ഹായിലെ ചൈനീസ്അക്കാദമി ഓഫ് സയൻസസിലെ ഗവേഷകർ ക്ലോണിങ്ങിലൂടെ സൃഷ്ടിച്ച ജനിതക സാമ്യമുള്ള 2 കുരങ്ങുകൾ

*സോമാറ്റിക് sell ന്യൂക്ലിയർ ട്രാൻസ്ഫർ ,(SCNT)എന്ന വിദ്യയാണ് ഇവിടെ ഉപയോഗിച്ചത്





സോങ്സോങ് , ഹ്വ ഹ്വ.....

# 3.ലുലുവും നാനയും

*ജനിതകമാറ്റം വരുത്തിയ ലോകത്തിലെ ആദ്യ ഇരട്ട കുഞ്ഞുങ്ങൾ

* ക്രിസ്പർ കാസ് എന്ന ജീൻ എഡിറ്റിങ് വിദ്യ ഉപയോഗിച്ച് ഭ്രൂണാവസ്ഥയിൽ ജീൻ എഡിറ്റിംഗ് നടത്തിയാണ് ഈ കുഞ്ഞുങ്ങളെ സൃഷ്ടിച്ചത്

*നേതൃത്വം നൽകിയത് ചൈനീസ് ഗവേഷകനായ ഹീജിയാൻ കു

*എച്ച്ഐവി ബാധയെ ചെറുക്കാൻ കഴിവുണ്ട് .

*ജനിതക രോഗങ്ങളെയും അർബുദരോ പോലുള്ള മാരക രോഗങ്ങളുമൊക്കെ ക്രിസ്റ്റ്യൻ എഡിറ്റിങ്ങിലൂടെ തുരത്താൻ കഴിയും .

# 4..ഐഎസ്ആർ ഒ യുടെ നേട്ടം




*പിഎസ്എൽവി c43 ഉപയോഗിച്ച് ഒറ്റയടിക്ക് 30 വിദേശ ഉപഗ്രഹങ്ങളും ഇന്ത്യയുടെ ഹൈസിസ് എന്ന ഉപഗ്രഹം വിക്ഷേപിച്ചു.

* ഐഎസ്ആർഒ അതുവരെ നിർമ്മിച്ചതിൽ വെച്ച് ഏറ്റവും ഭാരമേറിയ ഉപഗ്രഹമായ ബിഗ് ബേർഡ് എന്ന വിശേഷണമുള്ള ജിസാറ്റ്-11 ഭ്രമണപഥത്തിലെത്തിച്ചു .

*ഇതുവരെയുള്ളതിൽ വച്ച് ഏറ്റവും കരുത്തുറ്റ ഇന്ത്യൻ റോക്കറ്റ് ജിഎസ്എൽവി MK3-D2, ജിസാറ്റ്-29 വിജയകരമായി ഭ്രമണപഥത്തിലെത്തിച്ചു

## 5.ഐസ്ക്യൂബ് ന്യൂട്രിനോ.




ദക്ഷിണധ്രുവത്തിന് അടുത്തുള്ള ഐസ്ക്യൂബ് ന്യൂട്രിനോ ഒബ്സർവേറ്ററിയിൽ അത്യുന്നതഊർജം ഉള്ള ഒരു ന്യൂട്രിനോയെ കണ്ടെത്തി .

*IC170922A എന്ന് പേരിട്ട ഈ സംഭവം ലോകമറിഞ്ഞത് ജൂലൈയിൽ.


*370 കോടി പ്രകാശവർഷമകലെ ഒരു ഗാലക്സിക്ക് നടുവിലുള്ള ഒരു ഭീമൻ തമോഗർത്തം ആണ് ഈ ന്യൂട്രിനോയുടെ ഉറവിടം.

## 6. റൈഡ്ബെർഗ് പോളറോൺ... ഒരു ആറ്റത്തിന്റെ

ന്യൂക്ലിയസിനും ന്യൂക്ലിയസിനെ ചുറ്റുന്ന ഇലക്ട്രോണിനുംഇടയ്ക്കുള്ള സ്ഥലത്ത് മറ്റ് ആറ്റങ്ങൾക്ക് ഇടം നൽകി സാദ്ധ്യമാക്കിയപുതിയ ദ്രവരൂപമാണ് റൈഡ്ബെർഗ് പോളറോൺ.

* പരീക്ഷണത്തിൽ ഉപയോഗിച്ചത് സ്ട്രോൺഷ്യം ആറ്റങ്ങളുടെ ബോസ്-ഐൻസ്റ്റൈൻ കണ്ടൻസേറ്റ് അവസ്ഥ

## 7.പുതിയ കിലോഗ്രാം.



ഫ്രാൻസിൽ ചേർന്ന ജനറൽ കോൺഫറൻസ് വെയ്സ് ആൻഡ് മെഷേഴ്സിൽ കിലോഗ്രാമിന് പുതിയ നിർവചനം .

*രംഗത്തെ അടിസ്ഥാനമാക്കിയാണ് 2019 മെയ് മുതൽ കിലോഗ്രാമിന് നിർവചിക്കുക ബാലൻസ് ഉപയോഗിക്കും ബ്യൂറോ ഓഫ് വെയ്സ് ആൻഡ് മെഷേഴ്സ് സൂക്ഷിച്ചിരിക്കുന്ന പ്ലാറ്റിനം ഇറിഡിയം ഗ്രാൻഡ് കെ ളക്കം ആയിരുന്നു 19 മുതൽ കിലോഗ്രാമിന് മാനദണ്ഡം

## 8.ചൊവ്വയുടെ ഇൻസൈറ്റ് ..

*മെയ് അഞ്ചിന് യാത്രതിരിച്ച നവംബർ 26 ന് ചൊവ്വയിലിറങ്ങി .

*ചൊവ്വയുടെ ഉപരിതലം ആഴത്തിൽ കുഴിച്ച ചൊവ്വയുടെ രാസഘടന പരിശോധിക്കൽ, അന്തർ ഭാഗത്തുനിന്നും ബാഹ്യ ഭാഗത്തേക്കുള്ള താപപ്രഭാവം തുടങ്ങിയവയെ കുറിച്ചുള്ള പഠനമാണ്പ്രധാനലക്ഷ്യം.

**9.അനന്തതയിലേക്ക് ടെസ്സ്..** സൗരയൂഥത്തിന് അപ്പുറമുള്ള ഗ്രഹങ്ങളെ കുറിച്ചും അന്യഗ്രഹജീവികൾ കുറിച്ചുമൊക്കെ ഉത്തരം തേടി നാസയുടെ ടെസ്സ.

*വിക്ഷേപിച്ചത് ഏപ്രിൽ-18 ന് ,ഫാൽക്കൺ-9 റോക്കറ്റിൽ

**10. ബുധൻ,ചന്ദ്രൻ ദൗത്യം** .ബേപികൊളംബോ യൂറോപ്യൻ സ്പേസ് ഏജൻസിയും ജപ്പാൻ എയറോസ്പേസ് exploration ഏജൻസിയുടെയും സംയുക്ത ദൗത്യം .

*ബുധൻറെ രഹസ്യങ്ങൾ കണ്ടെത്തുക ലക്ഷ്യം.

*മെർക്കുറി പ്ലാനറ്ററി ഓർബിറ്റർ മെർക്കുറി മാഗ്നറ്റിക് 2

പാഠങ്ങളുണ്ട് ദൗത്യത്തിൽ .

*ചന്ദ്രനിലെ ഇരുണ്ട ഭാഗത്ത് ഇറങ്ങാനുള്ള ഒരു റോവറുമായി ചൈനയുടെ ചാങ്-ഇ-4 നീസ് പേടകം പുറപ്പെട്ടു

കടപ്പാട്-പഠിപ്പുര , സമ്പാദനം-മേഴ്സി മത്തായി




## അബ്ദുൾകലാം അനുസ്മരണം


മാവേലി നാട് വാണീടും കാലം മനുഷ്യരെല്ലാരും ഒന്നു പോലെ...
മാവേലി നാട് വാണിരുന്ന കാലത്തൊക്കെയും മനുഷ്യർ പരസ്പരം സ്നേഹിച്ചിരുന്ന ഒരു കാലം കേരളത്തിൽ ഉണ്ടായിരുന്നു.
അതേത് കാലമാ..?
കഴിഞ്ഞ ഓണക്കാലം.... വെള്ളപ്പൊക്കം ഉണ്ടായപ്പോൾ ആർക്കും ജാതിയും വേണ്ട, മതവും വേണ്ട, രാഷ്ട്രീയവും വേണ്ട... എല്ലാവരും തമ്മിൽ സ്നേഹമായിരുന്നു.....!!

കഥ

# യഥാർത്ഥ തിളക്കം

ഹാരി അന്ന് കരഞ്ഞുകൊണ്ടാണ് സ്കൂളിൽ നിന്ന് വീട്ടിലെത്തിയത്. "എന്തുപറ്റി"? ഹാരിയുടെ ചേട്ടൻ വിൽഫ്രഡ് ചോദിച്ചു. "മാത്സിന് രണ്ടു മാർക്ക് പോയി" ഹാരി പറഞ്ഞു. വിൽഫ്രഡ് ചിരിച്ചു. “ഹ....ഹ..... രണ്ടു മാർക്കല്ലേ.... സാരമില്ല”. “പക്ഷേ,ജോയ്ക്ക് ഫുൾ കിട്ടി. അവന് ടീച്ചർ ഗിഫ്റ്റും കൊടുത്തു. അവനാണെങ്കിൽ ഉത്തരം കോപ്പിയടിച്ചാ എഴുത്തിയത് .ഞാൻ കണ്ടു. ങ്ഹീ....” ഹാരി കരച്ചിൽ നിർത്തിയില്ല. വിൽഫ്രഡ് ഒന്നും മിണ്ടിയില്ല. മറ്റാരെങ്കിലും കൂടുതൽ മാർക്ക് വാങ്ങുന്നത് ഹാരിയ്ക്കു പ്രശ്നമല്ല. പക്ഷേ,കളവിലൂടെ മറ്റൊരാൾ മുന്നിലെത്തിയതാണ് അവനെ വിഷമിപ്പിക്കുന്നത്.

അന്ന രാത്രി വിൽഫ്രഡ് ഹാരിയെ വിളിച്ചു പുറത്തിറങ്ങി. നിലാവുള്ള രാത്രി. അവർ മുറ്റത്ത് പുല്ലിൽ ഇരുന്നു. വിൽഫ്രഡ് ആകാശത്തേക്കു ചൂണ്ടി.'ഹരി, നോക്ക്..എന്തുഭംഗി,അല്ലേ? 'എത്ര മിന്നാമിനുങ്ങുകളാ!നല്ലരസം! മാർക്കിന്റെ കാര്യമെല്ലാം മറന്ന് ഹരി പുഞ്ചിരിച്ചു. അപ്പോൾ വിൽഫ്രഡ് പറഞ്ഞു."അതെ നമ്മൾ ആദ്യം ശ്രദ്ധിക്കുന്നത്

മിന്നാമിന്നുങ്ങുകളെയാണ്. എന്നാൽ അതിനുമപ്പുറത്ത് അതിനേക്കാൾ ഭംഗിയിൽ തിളങ്ങുന്ന നക്ഷത്രങ്ങളില്ലേ? കള്ളത്തരത്തിലൂടെ നേടുന്ന വിജയം മിന്നാമിനുങ്ങിനെപ്പോലെയാണ്. എല്ലാവരും പെട്ടെന്ന് ശ്രദ്ധിക്കും പക്ഷേ, ഏതാനം ദിവസങ്ങൾ മാത്രമാണ് അതിന്റെ ആയുസ്സ് കഠിനാധ്വാനത്തിലൂടെ നേടുന്ന യഥാർത്ഥ വിജയമോ? അതു നക്ഷത്രം പോലെയാണ്. കോടിക്കണക്കിനു വർഷങ്ങൾ പ്രപഞ്ചം മുഴുവൻ തിളങ്ങി നിൽക്കാൻ അതിനു കഴിയും!" അതുകേട്ട് ഹാരി ചേട്ടനെ നോക്കി പുഞ്ചിരിച്ചു.അവന്റെ സങ്കടമെല്ലാം മാറിക്കഴിഞ്ഞിരുന്നു!.

പ്രിറ്റിഫേബാ.എസ്.കേശവൻ,
XA

# സായന്തനചിന്തുകൾ

പകൽ വിട ചോദിക്കയാണ് മൗനമായി
ആശാഭംഗങ്ങളിലും,മരവിച്ച സ്വപ്നങ്ങളിലും നിന്ന്.
ആവർത്തന വിരസതയേതുമില്ലാതിനിയും വരാം
വിണ്ണിലീ നിരാശയും നിദ്രാഭംഗങ്ങളും

ഒരു തേങ്ങലായ്,സന്തോഷമായ്
പിന്നെയൊരുൾച്ചൂടിൻ പേടിസ്വപ്നമായ്
സാന്ത്വനമായി സന്ധ്യയെത്തി.
എന്നിലും നിന്നിലും തുടരെയായെത്തുന്ന
ഈ നിശയെ മാറ്റുവാൻ.

സായന്തനത്തിന്റെ കിതപ്പുകൾക്കൊണ്ടു ഞാൻ
ഒരു രഹസ്യം നിന്നോടായ് പറയട്ടെ
നിനക്കു തരുവാൻ സൂക്ഷിച്ചിരിക്കുന്ന എന്റെ സ്വപ്നം
ഇവിടെ പൊടിപിടിച്ചു കിടക്കുന്നു

എവിടെയൊക്കെയോ നഷ്ടപ്പെട്ടും നഷ്ടപ്പെടുത്തിയും
കാഴ്ചവയ്ക്കപ്പെട്ട അവളെ നിനക്കായ്
എന്റെ സ്വപ്നങ്ങളും ജീവിതവും
'സങ്കല്പചിന്തു' മാത്രമായ് മാറുന്നു.

ഇവിടെയെന്നിക്കെറന്റെ ചിന്തകളും
ആത്മാവും നഷ്ടപ്പെടുന്നു
നിരാശയിൽ ആശമുളപ്പിച്ച്,സ്വപ്നം കണ്ടുകൊണ്ട്
ഞാൻ കാത്തിരിക്കട്ടെ ഇനിയൊരു സായംസന്ധ്യക്കായി .

സജിനി സാമുവേൽ,
ടീച്ചർ

# A Dream Come TRUE

*Yes , it was my dream to teach in the only one my high school in my locality . The school is blessed by the name of our beloved Thirumeni , His grace most Rev. Abraham Marthoma Metropolitian . I am very proud of teaching in such an institution . The school is situated in the highest place of Othera . Each student in school is lucky to study in such a calm atmosphere . There is no sound of vehicles and no unwanted strikes in this school .*

*This educational institution gave me many wonderful moments in my life . On Sundays on my way to church , I used to stand a few minutes on the verandah of this school and imagined myself as a teacher in this school . On 1st July 2005 I tasted the words of Dr. A.P.J. Abdul Kalam Azad :*

*"Dream , Dream , Dream*
*Dreams transform into thoughts*
*And thoughts results in action ."*

*I joined here as an English teacher in the vacancy of a social science teacher after a special order from the government . At that time Mrs. Molly Abraham*

*teacher was our headmistress , who was an English teacher in my high school study . Her son was our classmate . Teacher loved us also like her son . I was very Privilaged to work as an English teacher under my English teacher .*

*After the retirement of molly teacher , i got another chance to work under a headmistress who gave me a mother like affection . She is Mary Kochamma . She is the embodiment of all the fine qualities like love , kindness , benovolence , faithfullness , politeness , etc. I have never seen such a women in my life . I think this is the golden era of the school .*

*In this school I could teach two students who are grandchildren of my first guru . She passed away two years ago . Still his face reflects in my mind and his voice echoes in my ears .*

*By teaching here I got oppertunities to interact with many teacher and students . Each and everyone has many possitive qualities . I used to watch them , admire at them and try to copy their good qualities . Their encouraging words and comments are influencing me . I feel a homely atmosphere in this school .*

*In the midest of all happy moments I remember two faces of Jincy Babu and Doney P Varghese . They are two roses plucked away by God from the garden of A.M.M.H.S. to the garden of heaven .*

*When our school is 50 year old mother , I' am only a 10 year old child in service . I dedicate my service to all my teachers. In the golden moments I have only prayer : "*

*Almighty GOD , please shower all the blessings upon this school to celebrate its platinum jubilee and centenaries . ”*

*Jaleela P Abraham*

*Teacher*

# ചില അവിസ്മരണിയ നിമിഷങ്ങൾ
# ക്യാമറക്കണ്ണിലൂടെ......




ഓതറ ഹൈസ്കൂളിൽ എല്ലാ ക്ലാസ് മുറികളും ഹൈടെക് ആയി

# നന്ദി...

തുറന്ന ജാലകത്തിലൂടെ നാം കണ്ട കാഴ്ചകളെല്ലാം
തെളിമയുള്ളതാകണമെന്നില്ല
കുറവുകൾ ഉണ്ടാകാം.......
എങ്കിലും.... വരകളും വർണ്ണങ്ങളും അക്ഷരങ്ങളും
കൂട്ടിച്ചേർത്ത ഈ 'ജാലക'ത്തെ സഹായിച്ച എല്ലാ
കൂട്ടുകാർക്കും,അദ്ധ്യാപകഅനദ്ധ്യാപകർക്കും,
ഇതിന് നേതൃത്വം നൽകിയ സജിനി ടീച്ചർക്കും,മേഴ്സി
ടീച്ചർക്കും......
ഹൃദയം നിറഞ്ഞ നന്ദി.............




# DIGITAL MAGAZINE

## 2018-2019

# ജാലകം


ജാലകം
എ എം എം ഹൈസ്കൂൾ
ഓതറ
2018-19